# വിജ്ഞാപനം

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഇടുക്കി, കാഞ്ഞിരപ്പള്ളി, കായംകുളം, പട്ടാമ്പി, പൊന്നാനി എന്നിവിടങ്ങളിലെ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിലെ പ്രിൻസിപ്പൽ തസ്തികയിലേക്ക് താൽക്കാലികമായി ഒരുവർഷത്തെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് താഴെ പറയുന്ന യോഗ്യതയുള്ളവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | തസ്തിക | യോഗ്യത | പ്രായം |
|---|---|---|---|
| 1 | പ്രിൻസിപ്പാൾ | യൂണിവേഴ്സിറ്റികൾ, ഗവൺമെന്റ്/ എയ്ഡഡ് കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും പ്രിൻസിപ്പാൾ അല്ലെങ്കിൽ അദ്ധ്യാപക തസ്തികയിൽനിന്നും വിരമിച്ചവരോ സർക്കാർ കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപക നിയമനത്തിന് യു.ജി.സി/എ.ഐ.സി.ടി.ഇ നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരോ ആയിരിക്കണം. വിദ്യാഭ്യാസ സ്ഥാപനമേധാവിയായോ പരീക്ഷാപരിശീലനകേന്ദ്രങ്ങളുടെ ചുമതലയിലോ രണ്ട് വർഷത്തിൽ കുറയാതെ പരിചയമുള്ളവർക്കും ശാസ്ത്ര-മാനവിക വിഷയങ്ങളിൽ അദ്ധ്യാപന ഗവേഷണ പരിചയമുള്ളവർക്കും സർക്കാർ പദ്ധതി നിർവ്വഹണ ചുമതലയിൽ പരിചയമുള്ളവർക്കും നിയമനത്തിൽ മുൻഗണന ലഭിക്കുന്നതാണ്. | 1/6/2022-ൽ കുറഞ്ഞത് 25 വയസ്സ് പ്രായം പൂർത്തിയാക്കിയവരും 67 വയസ്സ് പൂർത്തിയാകാത്തവരുമായിരിക്കണം. |

പ്രസ്തുത യോഗ്യതയുള്ളവർ പൂർണ്ണമായ ബയോഡാറ്റ, മാർക്ക് ലിസ്റ്റ്, യോഗ്യത, പ്രായം പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഇ-മെയിൽ ഐ.ഡി എന്നിവ സഹിതമുള്ള അപേക്ഷ 20/08/2022-ന് മുൻപായി താഴെപറയുന്ന മേൽവിലാസത്തിൽ സ്പീഡ് പോസ്റ്റായി സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ വെബ് സൈറ്റിൽ (www.minoritywelfare.kerala gov.in) ലഭ്യമാണ്.

*മേൽ വിലാസം*

ന്യൂനപക്ഷ ക്ഷേമ വകുപ്പദ്ധ്യക്ഷന്റെ കാര്യാലയം
ന്യൂനപക്ഷ ക്ഷേമവകുപ്പ്, വികാസ് ഭവൻ, നാലാം നില
തിരുവനന്തപുരം - 695 033
ഫോൺ. 0471 2300523, 24

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ